127 (2283) ബസ്സ്റ്റാന്റ് നിർമ്മാണത്തിലെ ക്രമക്കേടുകൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭ കൽമണ്ഡപത്ത് സ്ഥാപിച്ച താൽക്കാലിക ബസ്സ്റ്റാന്റ് നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിജിലൻസ് വകുപ്പ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) അന്വേഷണം ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഗരസഭയിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി)&(സി) കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതായി അറിയുന്നു.

(ഡി) വിജിലൻസ് വകുപ്പ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് തരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

128 (2284) അറവുശാലയ്ക്കുള്ള സ്ഥലം സബ്ജയിൽ നിർമ്മാണത്തിന് അനുവദിച്ച നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭ അറവുശാല നവീകരിക്കാനുദ്ദേശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ സ്ഥലം സബ്ജയിൽ നിർമ്മാണത്തിന് അനുവദിച്ച് സർക്കാർ ഉത്തരവു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നഗരസഭയിൽനിന്ന് എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉള്ളടക്കം ചെയ്യുന്നു.†

(സി) ഉണ്ട്.

129 (2285) 'ട്രിഡ' യുടെ സ്ഥലം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം വികസന അതോറിറ്റിയുടെ കീഴിൽ പാളയം വികസന പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഈ സ്ഥലം ഏതെങ്കിലും യുവജന രാഷ്ട്രീയ സംഘടനയ്ക്ക് രാഷ്ട്രീയാവശ്യത്തിനുള്ള താൽക്കാലികമോ സ്ഥിരമോ ആയ ഓഫീസ് പ്രവർത്തിപ്പിക്കുവാൻ എപ്പോഴെങ്കിലും അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സംഘടനയ്ക്കാണ് അനുവദിച്ചിരിക്കുന്നത്;

(ഡി) എത്ര സ്ഥലം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ സ്ഥലം എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാളയം വികസന പദ്ധതിക്കായി 6.5 ഏക്കർ സ്ഥലം തിരുവനന്തപുരം വികസന അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്.

(ബി)&(സി) ഇതിൽ നിന്നും ഒരു ചെറിയ ഭാഗം ഡി.വൈ.എഫ്.ഐ.യ്ക്ക് അഖിലേന്ത്യാ സമ്മേളനം നടത്തുന്നതിനോടനുബന്ധിച്ചുള്ള സ്വാഗത സംഘം ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി രണ്ടുമാസത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) 93 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള സ്ഥലം നൽകിയിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് സ്ഥലം അനുവദിച്ചത്.

1. 15-2-2000 മുതൽ 15-4-2000 വരെ സ്ഥലം തീർത്തും താൽക്കാലികമായിട്ടാണ് അനുവദിച്ചിരിക്കുന്നത്.
2. മേൽപ്പറഞ്ഞ കാലയളവിലേയ്ക്ക് 500/- രൂപ തറ വാടക ഇനത്തിൽ അടയ്ക്കേണ്ടതാണ്.
3. സ്ഥലം സ്വാഗത സംഘം ഓഫീസിന് മാത്രമേ ഉപയോഗിക്കാവൂ. പ്രസ്തുത സ്ഥലത്ത് യാതൊരു വ്യത്യാസവും വരുത്താൻ പാടില്ല.
4. സ്വാഗതസംഘം ഓഫീസ് ഒഴിയുമ്പോൾ ട്രിഡയ്ക്ക് തൃപ്തികരമാംവിധം സ്ഥലം പൂർവ്വ സ്ഥിതിയിലാക്കി തിരിച്ചേൽപ്പിക്കേണ്ടതാണ്.
5. മറ്റാവശ്യങ്ങൾക്കോ, മറ്റുള്ളവർക്കോ സ്ഥലം മേൽവാടകയ്ക്ക് നൽകുവാൻ പാടില്ലാത്തതാണ്.

130 (2286) ട്രിഡയുടെ റോഡു വികസന പദ്ധതികൾ

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം വികസന അതോറിറ്റി ഏതെല്ലാം റോഡു വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര മരങ്ങൾ മുറിക്കേണ്ടതായിവന്നു;

LIBRARY ARCHIVES Kerala Legislative Assembly